**150/2025**

| | | | |
|---|---|---|---|
| ചോദ്യ പുസ്തക അക്ഷര കോഡ് | **A** | ചോദ്യ പുസ്തക ക്രമ നമ്പർ | |

ചോദ്യങ്ങളുടെ ആകെ എണ്ണം : 100 സമയം : 1 മണിക്കൂർ 30 മിനിട്ട്

പരമാവധി മാർക്ക് : 100

## ഉദ്യോഗാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ

1. ചോദ്യ കടലാസ്സ് നൽകുന്നത് ചോദ്യ പുസ്തക രൂപത്തിലാണ്. **A, B, C, D** എന്നീ നാല് അക്ഷര കോഡുകളിലുള്ള ചോദ്യ പുസ്തകങ്ങളാണ് നൽകുന്നത്.
2. ചോദ്യ പുസ്തകത്തിന്റെ മുകളിൽ ഇടത് വശത്ത് പ്രത്യേക കോളത്തിൽ ചോദ്യ പുസ്തക അക്ഷര കോഡ് അച്ചടിച്ചിട്ടുണ്ട്.
3. ഓരോ ഉദ്യോഗാർത്ഥിക്കും നൽകിയിട്ടുള്ള ചോദ്യ പുസ്തക അക്ഷര കോഡ് അവരുടെ പരീക്ഷാ ഹാളിലെ ഇരിപ്പിടത്തിൽ രേഖപ്പെടുത്തിയിരിക്കും.
4. നിങ്ങൾക്കനുവദിച്ചിരിക്കുന്ന അക്ഷര കോഡിൽ നിന്നും വ്യത്യസ്തമായ കോഡിലുള്ള ചോദ്യ പുസ്തകമാണ് ലഭിക്കുന്നതെങ്കിൽ അത് ഉടനടി ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.
5. ചോദ്യ പുസ്തക ക്രമ നമ്പർ പുറംചട്ടയുടെ വലതു വശത്ത് മുകളറ്റത്തായി ചേർത്തിട്ടുണ്ട്. ക്രമ നമ്പർ ഇല്ലാത്ത ചോദ്യ പുസ്തകമാണ് നിങ്ങൾക്ക് ലഭിക്കുന്നതെങ്കിൽ അതേ അക്ഷര കോഡിലുള്ള ചോദ്യ പുസ്തകം മാറ്റി വാങ്ങുക.
6. ചോദ്യ പുസ്തകം വലതു മാർജിനിൽ മദ്ധ്യ ഭാഗത്തായി സീൽ ചെയ്തിരിക്കും. ഉത്തരമെഴുതാനുള്ള അനുമതി ലഭിച്ചാലല്ലാതെ ചോദ്യ പുസ്തകം തുറക്കാൻ പാടില്ല.
7. പരീക്ഷ തുടങ്ങിയാലുടൻ ഉദ്യോഗാർത്ഥി തനിക്ക് ലഭിച്ചിരിക്കുന്ന ചോദ്യ പുസ്തകത്തിൽ 100 ചോദ്യങ്ങളും ക്രമമായി ഉണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. ചോദ്യ പുസ്തകത്തിൽ അച്ചടിക്കാത്തതോ, കീറിയതോ, വിട്ടുപോയതോ ആയ പേജുകൾ ഉണ്ടാകില്ല; അഥവാ ഉണ്ടെങ്കിൽ അക്കാര്യം ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽ കൊണ്ടുവരികയും അതേ അക്ഷര കോഡിലുള്ള പൂർണ്ണമായ ചോദ്യ പുസ്തകം മാറ്റി വാങ്ങുകയും ചെയ്യേണ്ടതാണ്. ഇത് ഏറ്റവും പ്രധാനപ്പെട്ടതാണ്.
8. ചോദ്യ പുസ്തകത്തിന്റെ അവസാനം ഒന്നും എഴുതാത്ത ഒരു കടലാസ് ചേർത്തിട്ടുണ്ട്. ഇത് ഉത്തരം കണ്ടുപിടിക്കുന്നതിനുള്ള കുറിപ്പുകൾക്കായി ഉപയോഗിക്കാവുന്നതാണ്.
9. **ഉത്തരങ്ങൾ രേഖപ്പെടുത്താൻ ആരംഭിക്കുന്നതിന് മുമ്പ് ഉത്തരക്കടലാസിന്റെ മറുപുറത്തുള്ള നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക.**
10. ശരിയുത്തരം ഉൾപ്പെടെ ഓരോ ചോദ്യത്തിനും **(A), (B), (C), (D)** എന്ന നാല് ഉത്തരങ്ങൾ തന്നിരിക്കും. ശരിയുത്തരം തെരഞ്ഞെടുത്ത് ഒ.എം.ആർ. ഉത്തരക്കടലാസിൽ ബന്ധപ്പെട്ട ചോദ്യ നമ്പറിന് നേരെയുള്ള ശരിയുത്തരം സൂചിപ്പിക്കുന്ന കുമിള (ബബിൾ) മാത്രം നീലയോ കറുപ്പോ ബാൾ പോയിന്റ് പേന ഉപയോഗിച്ച് കറുപ്പിക്കുക.
11. **ഓരോ ശരിയുത്തരത്തിനും ഒരു മാർക്ക് ലഭിക്കുകയും ഓരോ തെറ്റുത്തരത്തിനും 1/3 മാർക്ക് നഷ്ടമാവുകയും ചെയ്യും. ഉത്തരം രേഖപ്പെടുത്താത്ത ചോദ്യങ്ങൾക്ക് മാർക്ക് നഷ്ടമാവുകയില്ല.**
12. പരീക്ഷാസമയം കഴിയുന്നതിന് മുമ്പോ, ഉത്തരക്കടലാസ് ഇൻവിജിലേറ്ററെ ഏൽപ്പിക്കാതെയോ ഒരു ഉദ്യോഗാർത്ഥിയും പരീക്ഷാഹാൾ വിട്ട് പുറത്തുപോകാൻ പാടില്ല.
13. നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. പരീക്ഷയിൽ ക്രമക്കേട് നടത്തുകയോ അതിനുള്ള ശ്രമം നടത്തുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികളെ അയോഗ്യരായി പ്രഖ്യാപിക്കുന്നതാണ്.

**150/2025**

Maximum : 100 marks

Time : 1 മണിക്കൂർ 30 മിനിട്ട്

1. താഴെ പറയുന്നവയിൽ വാതദോഷത്തിന്റെ ഗുണമല്ലാത്തത് ഏതാണ്?

   (A) രൂക്ഷം (B) ശീതം
   (C) ഖരം (D) സ്നിഗ്ദ്ധം

2. മൃദുകോഷ്ഠമെന്നത് ഏത് ദോഷബാഹുല്യത്തോടു കൂടിയതാണ്?

   (A) കഫം (B) പിത്തം
   (C) വാതം (D) സമദോഷം

3. അഭ്യംഗം നിഷേധിച്ചിരിക്കുന്ന അവസ്ഥ ഏതാണ്?

   (A) വാതവികാരം (B) അജീർണ്ണരോഗം
   (C) രൂക്ഷശരീരി (D) ഇവയെല്ലാം

4. പൂരണം എന്നത് ഏത് ധാതുവിന്റെ ധർമ്മമാണ്?

   (A) രക്തം (B) മാംസം
   (C) മജ്ജ (D) അസ്ഥി

5. ഉത്തമപ്രകൃതിയെന്നത് ഏത് ദോഷബാഹുല്യമാണ്?

   (A) സമധാതു (B) വാതം
   (C) പിത്തം (D) കഫം

6. DPT വാക്സിനേഷൻ എന്നതിന്റെ പൂർണ്ണരൂപം :

   (A) ഡിഫ്ത്തീരിയ, പെർട്ടുസിസ്, ടെറ്റനസ്
   (B) ഡിഫ്ത്തീരിയ, പെർട്ടുസിസ്, റ്റി.ബി.
   (C) ഡയേറിയ, പെർട്ടുസിസ്, ടെറ്റനസ്
   (D) ഡിഫ്ത്തീരിയ, പെർട്ടുസിസ്, ടൈഫോയ്ഡ്

7. പിത്തദോഷത്തിന്റെ ശ്രേഷ്ഠമായ ശോധനശമനൗഷധം ക്രമത്തിലേതാണ്?

   (A) വസ്തിയും തൈലവും (B) വമനവും ഘൃതവും
   (C) വിരേചനവും ഘൃതവും (D) വിരേചനവും തൈലവും

8. പിണ്ഡികോദ്വേഷ്ടനം ഏത് വേഗരോധത്തിൽ കാണപ്പെടുന്നു?

(A) അധോവാതം
(B) മൂത്രം
(C) ശകൃത്
(D) നിദ്ര

9. വാക്പ്രവൃത്തിയെ ചെയ്യുന്ന വാതദോഷ വിഭാഗം :

(A) പ്രാണൻ
(B) ഉദാനൻ
(C) വ്യാനൻ
(D) സമാനൻ

10. ക്രമമായ പഥ്യശീലനം കൊണ്ട് ജീവിതം മുന്നോട്ട് കൊണ്ടുപോകുന്ന രോഗങ്ങളെ ഏത് വിഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു?

(A) കൃച്ഛ്രസാധ്യം
(B) യാപ്യം
(C) സുഖസാധ്യം
(D) അസാധ്യം

11. പഥ്യവും അപഥ്യവുമായ ആഹാരം കലർത്തി യോജിപ്പിച്ച് സേവിക്കുന്നത് :

(A) അദ്ധ്യശനം
(B) വിഷമാശനം
(C) സമശനം
(D) അനശനം

12. ക്ലേദവാഹനം എന്ന ധർമ്മത്തെ നിർവ്വഹിക്കുന്നത് :

(A) പുരീഷം
(B) രസം
(C) സ്വേദം
(D) മൂത്രം

13. ലോകാരോഗ്യസംഘടന (WHO) രൂപീകൃതമായത് :

(A) 7th April 1978
(B) 15th May 1948
(C) 15th May 1978
(D) 7th April 1948

14. അന്നസംഘാതത്തെ നിർവ്വഹിക്കുന്ന കഫദോഷഭേദം :

(A) ശ്ലേഷകം
(B) ബോധകം
(C) അവലംബകം
(D) ക്ലേദകം

15. താഴെ പറയുന്നവയിൽ സ്വസ്ഥലക്ഷണമായി പറയുന്നത് ഏത്?

(A) സമദോഷം
(B) സമാഗ്നി
(C) സമധാതു
(D) ഇവയെല്ലാം

16. IUCD (Intra Uterine Contraceptive Device) എന്ന വിഭാഗത്തിൽപെടുന്ന ഗർഭനിരോധനമാർഗ്ഗം താഴെ പറയുന്നവയിൽ ഏതാണ്?

(A) Mala-D
(B) Mala-N
(C) Copper-T
(D) Nirodh

17. കഫദോഷത്തിൽ ബാഹുല്യമുള്ള പഞ്ചഭൂതങ്ങൾ :

(A) ഭൂമിയും ജലവും
(B) അഗ്നിയും വായുവും
(C) ഭൂമിയും വായുവും
(D) വായുവും ആകാശവും

18. രാത്രിജാഗരണം കൊണ്ട് ശരീരത്തിൽ സംഭവിക്കുന്നത് :

(A) സ്നിഗ്ദ്ധത
(B) രൂക്ഷത
(C) കഫവർദ്ധനം
(D) ഇവയൊന്നുമല്ല

19. ചിക്കൻപോക്സിന് കാരണമായ വൈറസ് :

(A) വെരിയോള വൈറസ്
(B) റൂബെല്ല വൈറസ്
(C) വെരിസെല്ല സോസ്റ്റർ
(D) ഇവയെല്ലാം

20. താഴെ പറയുന്നവയിൽ പഞ്ചകർമ്മചികിത്സയിൽ ഉൾപ്പെടാത്തത് :

(A) വമനം
(B) വിരേചനം
(C) രക്തമോക്ഷം
(D) കഷായവസ്തി

21. യോഗശാസ്ത്രത്തിന്റെ ഉപജ്ഞാതാവ് :

(A) പതഞ്ജലി മഹർഷി
(B) പരമഹംസയോഗാനന്ദ
(C) രാമകൃഷ്ണപരമഹംസ
(D) രമണ മഹർഷി

22. ഏത് ജീവകത്തിന്റെ (Vitamin) അഭാവം കൊണ്ടാണ് കണ (RICKETS) എന്ന രോഗമുണ്ടാകുന്നത്?

(A) ജീവകം $B_{12}$
(B) ജീവകം A
(C) ജീവകം D
(D) ജീവകം C

23. ജരാചികിത്സ എന്നത് :

(A) ഊർദ്ധ്വജത്രുഗത ചികിത്സയാണ്
(B) വയ: സ്ഥാപനമാണ്
(C) ഗ്രഹ ചികിത്സയാണ്
(D) വിഷ ചികിത്സയാണ്

24. വിരുദ്ധാഹാരം എത്ര വിധത്തിൽ പറയപ്പെടുന്നു?

(A) 17
(B) 18
(C) 19
(D) 16

25. ശസ്ത്രാദി കർമ്മങ്ങളെക്കൊണ്ട് ചികിത്സിച്ച് ഭേദമാക്കാനാവുന്ന രോഗങ്ങളെ ഏത് വിഭാഗത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്?

(A) കൃച്ഛ്രസാധ്യം
(B) യാപ്യം
(C) അസാധ്യം
(D) സുഖസാധ്യം

26. ഉദ്വർത്തന ചികിത്സയുടെ ഫലങ്ങളിൽ പെടാത്തത് :

(A) മേദോക്ഷയം (B) അസ്ഥിക്ഷയം
(C) കഫക്ഷയം (D) ത്വക്പ്രസാദം

27. ഉത്തരായനത്തിൽ ഉൾപ്പെടുന്ന ഋതു :

(A) വർഷ ഋതു (B) ശരത് ഋതു
(C) വസന്ത ഋതു (D) ഹേമന്ത ഋതു

28. വാതത്തിന്റെ ആത്മഗുണങ്ങൾ :

(A) രൂക്ഷം / ലഘു / സ്നേഹം / സ്ഥിരം
(B) രൂക്ഷം / ലഘു / ശീതം / തീക്ഷ്ണം
(C) രൂക്ഷം / ലഘു / ശീതം / ചലം
(D) രൂക്ഷം / ലഘു / ഉഷ്ണം / സരം

29. ശബ്ദ അസഹിഷ്ണുത ഏതു ധാതുക്ഷയ ലക്ഷണമാണ്?

(A) രസക്ഷയം (B) മാംസക്ഷയം
(C) അസ്ഥിക്ഷയം (D) മേദോക്ഷയം

30. ഹൃദയത്തിൽ സ്ഥിതിചെയ്യുന്ന പിത്തം :

(A) രഞ്ജക പിത്തം (B) സാധക പിത്തം
(C) ഭ്രാജക പിത്തം (D) ആലോചക പിത്തം

31. 'ക്ഷാരസൂത്രം' നിർമ്മിക്കുന്നതിനായി ഉപയോഗിക്കുന്ന thread :

(A) No. 20 Surgical linen (B) No. 14 Surgical linen
(C) Nylon thread (D) Silk thread

32. നേത്രക്രിയാക്രമങ്ങളിൽ ഉൾപ്പെടുന്ന സേകം എത്ര ഉയരത്തിൽ നിന്നാണ് രോഗിയുടെ കണ്ണിലേക്ക് ഒഴിക്കേണ്ടത്?

(A) 2 അംഗുലം (B) 4 അംഗുലം
(C) $1\frac{1}{2}$ അംഗുലം (D) 6 അംഗുലം

33. ലേഖന ആശ്ചോതനം എത്ര തുള്ളികൾ വീതമാണ് കണ്ണിൽ ഒഴിക്കേണ്ടത്?

(A) 12 തുള്ളികൾ (B) 8 തുള്ളികൾ
(C) 10 തുള്ളികൾ (D) 6 തുള്ളികൾ

34. പുടപാക സ്വരസത്തിന്റെ മാത്ര :

(A) 1 കർഷം
(B) 1 പലം
(C) $\frac{1}{2}$ പലം
(D) $\frac{1}{2}$ കർഷം

35. കുടജ പുടപാകം ഏതു രോഗാവസ്ഥയിലാണ് വിധിച്ചിരിക്കുന്നത്?

(A) ജ്വരം
(B) ശ്വാസം
(C) അതിസാരം
(D) ഗ്രഹണി

36. സാമാന്യ കഷായവിധിയിൽ എത്ര ജലമാണ് എടുക്കേണ്ടത്, എത്രയായി വറ്റിക്കുന്നു?

(A) 16 ഇരട്ടി, $\frac{1}{8}$ ആയി വറ്റിക്കുന്നു

(B) 8 ഇരട്ടി, $\frac{1}{4}$ ആയി വറ്റിക്കുന്നു

(C) 64 ഇരട്ടി, $\frac{1}{16}$ ആയി വറ്റിക്കുന്നു

(D) 8 ഇരട്ടി, $\frac{1}{8}$ ആയി വറ്റിക്കുന്നു

37. ഹിമകല്പനയിൽ ദ്രവ്യത്തിന്റെയും ജലത്തിന്റെയും അനുപാതം :

(A) 1 : 4
(B) 1 : 8
(C) 1 : 6
(D) 1 : 10

38. "പകപ ഔഷധ അംബുഭ്യാം സിദ്ധം ________" :

(A) ആസവം
(B) അരിഷ്ടം
(C) മദ്യം
(D) സുരാ

39. അവലേഹ കല്പനയുടെ മാത്ര :

(A) 1 പലം
(B) 2 പലം
(C) 4 പലം
(D) $\frac{1}{2}$ പലം

40. അവലേഹ കല്പനയിൽ പഞ്ചസാര പ്രക്ഷേപമായി ചേർക്കുമ്പോൾ എത്ര ഇരട്ടിയാണ് ചേർക്കുക?

(A) 2 ഇരട്ടി
(B) 4 ഇരട്ടി
(C) 3 ഇരട്ടി
(D) 6 ഇരട്ടി

41. അവലേഹ കല്പനയുടെ സവീര്യതാ അവധി :

(A) 1 വർഷം
(B) 6 മാസം
(C) 2 വർഷം
(D) 14 മാസം

42. ചൂർണ്ണ കല്പനയുടെ പര്യായ ശബ്ദം :

(A) രജ:
(B) ആവാപം
(C) ക്ഷോടം
(D) Both (B) & (C)

43. ഗുളികാ കല്പനയുടെ മാത്ര :

(A) 1 പലം
(B) $\frac{1}{2}$ പലം
(C) 1 കർഷം
(D) 6 കർഷം

44. 'പഞ്ചകോല'ത്തിൽ പെടാത്തത്?

(A) ജീരകം
(B) പിപ്പലി
(C) ചവ്യം
(D) ചിത്രകം

45. ആദ്യത്തെ ഗ്രീവാകശേരുകം ഏതാണ്?

(A) Atlas
(B) Axis
(C) Patella
(D) Sphenoid

46. EEG എന്നതിന്റെ പൂർണ്ണരൂപം :

(A) Electron Emission Graph
(B) Electrically Emitted Gamma Rays
(C) Electro Cardio Gram
(D) Electro Encephalo Gram

47. 'OPV' എന്നതിന്റെ പൂർണ്ണരൂപം :

(A) Oral Polio Vaccine
(B) Oro Pharynx Vessel
(C) Oral Pneumonia Vaccine
(D) Oral Pestisis Vaccine

48. Blood Pressure നോക്കാൻ ഉപയോഗിക്കുന്ന instrument :

(A) Calorimeter
(B) Spirometer
(C) Spectrometer
(D) Spigmomanometer

49. കുലത്ഥത്തിന്റെ വിപാകം :

(A) മധുരം
(B) തിക്തം
(C) കടു
(D) അമ്ലം

50. ‘World Nurses Day’ എന്നാണ്?

(A) 24 June
(B) 12 May
(C) 12 June
(D) 5 May

51. ച്യവനപ്രാശ ലേഹ്യത്തിലെ പ്രധാനപ്പെട്ടതും അളവിൽ കൂടുതലുമായി കാണുന്ന ഔഷധം ഏതാണ്?

(A) നെല്ലിക്ക
(B) കടുക്ക
(C) താന്നിക്ക
(D) പാൽമുതുക്ക്

52. കായചികിത്സ എന്നതിൽ ‘കായം’ എന്ന വാക്ക് എന്തിനെ സൂചിപ്പിക്കുന്നു?

(A) ഔഷധം
(B) ആയുർവേദം
(C) ശരീരം
(D) വൈദ്യൻ

53. ശ്വാസ കാസ രോഗങ്ങൾക്കുള്ള ഔഷധകാലം :

(A) ആഹാരത്തിനു മുമ്പ്
(B) ആഹാരത്തിനു ശേഷം
(C) ആഹാരത്തോടൊപ്പം
(D) ഇടയ്ക്കിടയ്ക്ക്

54. ദാഹത്തേയും ജ്വരത്തേയും ശമിപ്പിക്കുന്ന ഒരു പാനീയം :

(A) ദശമൂലം
(B) ഷഡംഗം
(C) ചിരിവില്വാദി
(D) ധാന്യാമ്ലം

55. വസ്തി ചികിത്സ ഏത് ദോഷ ശോധനമാണ്?

(A) വാതം
(B) പിത്തം
(C) കഫം
(D) ത്രിദോഷം

56. കഷായത്തിന്റെ മാത്ര എത്രയാണ്?

(A) 1 പലം
(B) 2 പലം
(C) 1 കർഷം
(D) 2 കർഷം

57. പഞ്ചകർമ്മങ്ങളിൽ ഉൾപ്പെടാത്ത ചികിത്സ :

(A) അഭ്യംഗം
(B) വസ്തി
(C) നസ്യം
(D) വിരേചനം

58. വിയർപ്പിക്കൽ എന്ന് പറയുന്നത് ഏത് കർമ്മമാണ്?

(A) പൂർവ്വകർമ്മം
(B) പ്രധാനകർമ്മം
(C) പാശ്ചാത്കർമ്മം
(D) പഞ്ചകർമ്മം

59. സ്ത്രീകൾക്ക് യോനി മാർഗ്ഗേണ ചെയ്യുന്ന വസ്തി :

(A) അനുവാസന വസ്തി
(B) യാപന വസ്തി
(C) ഉത്തര വസ്തി
(D) ലേഖന വസ്തി

60. ഉദ്വർത്തനം ചെയ്യുന്നത് വഴി ഏത് ദോഷത്തിനാണ് ശമനം കിട്ടുന്നത്?

(A) വാതം
(B) പിത്തം
(C) കഫം
(D) ത്രിദോഷം

61. വിരേചനത്തിനു സാധാരണയായി ഉപയോഗിക്കുന്ന ഔഷധം :

(A) ത്രികോല്പകൊന്ന
(B) മലങ്കാരയ്ക്ക
(C) ക്ഷീരബല
(D) അമൃത്

62. നിത്യവും ഒന്നോ രണ്ടോ തുള്ളി ഔഷധം മൂക്കിലൂടെ ഒഴിക്കുന്ന നസ്യവിധി :

(A) മർശ നസ്യം
(B) പ്രതിമർശ നസ്യം
(C) അവപീഡ നസ്യം
(D) പ്രധ്മന നസ്യം

63. ഓജസ്സ് അമ്മയിൽ നിന്നു കുട്ടിയിലേക്കും തിരിച്ചും സഞ്ചരിക്കുന്ന ഗർഭകാലം :

(A) 6-ാം മാസം
(B) 7-ാം മാസം
(C) 8-ാം മാസം
(D) 9-ാം മാസം

64. സൂതികയ്ക്ക് ((പ്രസവിച്ച സ്ത്രീക്ക്) വിശപ്പു വന്നാൽ എണ്ണയിലോ നെയ്യിലോ ചേർത്ത് ആദ്യം കൊടുക്കുന്ന ഔഷധം :

(A) ത്രിഫലചൂർണ്ണം
(B) ത്രികടുചൂർണ്ണം
(C) പഞ്ചവല്ക്കലചൂർണ്ണം
(D) പഞ്ചകോലചൂർണ്ണം

65. സൂതികയ്ക്ക് ആഹാരത്തിൽ നിയന്ത്രണങ്ങൾ പറഞ്ഞിരിക്കുന്നത് എത്ര നാൾ വരെയാണ്?

(A) 1 മാസം
(B) ഒന്നര മാസം
(C) 2 മാസം
(D) രണ്ടര മാസം

66. ബാലനും സൂതികയ്ക്കും ഗർഭിണിക്കും ഉപയോഗിക്കാൻ പറഞ്ഞിരിക്കുന്ന തൈലം :

(A) സഹചാരാദി തൈലം
(B) കൊട്ടംചുക്കാദി തൈലം
(C) നാരായണ തൈലം
(D) ധാന്വന്തര തൈലം

67. ഗർഭിണിക്ക് ഒന്നാമത്തെ മാസത്തിൽ പാൽകഷായം വെച്ചുകഴിക്കാൻ നിർദ്ദേശിക്കുന്ന ഔഷധം :

(A) കുറുന്തോട്ടി
(B) അമൃത്
(C) ശതാവരി
(D) കടുക്ക

68. ഗർഭിണിക്ക് തീർച്ചയായും കൊടുക്കാനുള്ള വാക്സിൻ :

(A) BCG
(B) MMR
(C) TT
(D) Rubella Vaccine

69. നവജാത ശിശുവിന്റെ ആരോഗ്യം നിർണ്ണയിക്കുന്ന ഉപാധി :

(A) അപ്ഗാർ സ്കോർ
(B) ബിഷപ്സ് സ്കോർ
(C) പാർട്ടോഗ്രാം
(D) NST

70. ശിശുവിന്റെ കഴുത്ത് ഉറയ്ക്കുന്ന സമയം :

(A) 4-ാം മാസം
(B) 5-ാം മാസം
(C) 6-ാം മാസം
(D) 7-ാം മാസം

71. ലോക മുലയൂട്ടൽ വാരം എപ്പോൾ?

(A) മാർച്ച് 1 മുതൽ 7 വരെ
(B) മെയ് 1 മുതൽ 7 വരെ
(C) ഏപ്രിൽ 1 മുതൽ 7 വരെ
(D) ഓഗസ്റ്റ് 1 മുതൽ 7 വരെ

72. 'കൊളസ്ട്രം' - ഇതിൽ ഏത് പോഷക ഘടകമാണ് മുലപ്പാലിനെക്കാളും കൂടുതലായി കാണുന്നത്?

(A) അന്നജം
(B) മാംസജം
(C) കൊഴുപ്പ്
(D) ലാക്റ്റോസ്

73. ബാലരോഗങ്ങളെ കുറിച്ചും നവജാതശിശു പരിചര്യയെ കുറിച്ചും വിശദമായി പ്രതിപാദിക്കുന്ന സംഹിത :

(A) കാശ്യപസംഹിത
(B) സുശ്രുതസംഹിത
(C) അഷ്ടാംഗഹൃദയം
(D) ചരകസംഹിത

74. ആയുർവേദശാസ്ത്രപ്രകാരം നവജാതശിശുവിന്റെ ശരീരം ഉൽബം കളയുന്നതിനു വേണ്ടി ഉപയോഗിക്കുന്ന ദ്രവ്യം :

(A) ഇന്തുപ്പും നെയ്യും
(B) തേനും നെയ്യും
(C) ഇന്തുപ്പും തേനും
(D) ഇന്തുപ്പ്, തേൻ നെയ്യ്

75. ഏത് രോഗമാണ് കുട്ടികളിൽ കാണപ്പെടാത്തത്?

(A) താലുകണ്ഠകം (B) കുമാരശോഷം
(C) പാരിഗർഭികം (D) ഉപവിഷ്ടകം

76. സുശ്രുത സംഹിതയനുസരിച്ച് ആഗന്തുക വ്രണം ഉണ്ടാകാനുള്ള കാരണം :

(A) പതനം (B) പ്രഹരം
(C) ദുഷ്ട ജീവികൾ (D) ഇവയെല്ലാം

77. സുശ്രുത സംഹിതയനുസരിച്ച് ആഗന്തുക വ്രണത്തിലുള്ള ക്ഷത ജന്യ ഉഷ്ണ ശമന ചികിത്സ :

(A) പിത്ത ശമന (B) വാത ശമന
(C) കഫ ശമന (D) സന്നിപാത ശമന

78. സുശ്രുത സംഹിതയനുസരിച്ച് ''വേദന'' വ്രണത്തിൽ പറഞ്ഞിട്ടുള്ള ഏത് ലക്ഷണത്തിൽ ഉൾപ്പെടുന്നു?

(A) സാമാന്യ (B) വിശിഷ്ട
(C) പരമ വിശിഷ്ട (D) മുകളിൽ പറഞ്ഞവ ഒന്നുമല്ല

79. സുശ്രുത സംഹിതയനുസരിച്ച് പെട്ടെന്നുള്ള വീക്കത്തിൽ രക്ത മോക്ഷത്തിനുള്ള ഗുണം :

(A) വേദന ശമനം (B) വേഗം പഴുക്കുവാൻ
(C) പെട്ടെന്ന് പൊട്ടിക്കുവാൻ (D) ഇവയെല്ലാം

80. സുശ്രുത മതമനുസരിച്ച് സഹജ പ്രമേഹ രോഗി :

(A) മെലിഞ്ഞത് (B) തടിച്ചത്
(C) ഉറങ്ങുവാൻ താല്പര്യം (D) സ്നിഗ്ദ്ധൻ

81. സുശ്രുത മതമനുസരിച്ച് വിദ്രധി എത്രവിധം?

(A) 6 (B) 8
(C) 5 (D) 7

82. സുശ്രുത മതമനുസരിച്ച് നാഡി വ്രണത്തിൽ ക്ഷാര സൂത്രം വിധിക്കുന്ന സന്ദർഭം :

(A) കൃശൻ (B) ദുർബ്ബലൻ
(C) ഭീരു (D) ഇവയെല്ലാം

83. സുശ്രുത മതമനുസരിച്ച് ശ്ലീപദത്തിലുള്ള ദോഷാധിക്യം :

(A) വാതാധിക്യം
(B) പിത്താധിക്യം
(C) കഫാധിക്യം
(D) ത്രിദോഷാധിക്യം

84. സുശ്രുത മതമനുസരിച്ച് കദരത്തിലുള്ള ചികിത്സ :

(A) ഛേദനം
(B) ദഹനം
(C) ഛേദനവും സ്നേഹ ദഹനവും
(D) സ്നേഹ ദഹനം

85. അഷ്ടാംഗഹൃദയമനുസരിച്ച് ചർമ്മ കീല ചികിത്സ :

(A) ഛേദനം
(B) ദഹനം
(C) ഭേദനം
(D) ലേഖനം

86. സുശ്രുത മതമനുസരിച്ച് അർശ്ശസ്സിൽ അഗ്നി കർമ്മം വിധിക്കുന്നത് :

(A) കർക്കശം
(B) അടുത്ത കാലത്തുണ്ടായത്
(C) ഉപദ്രവ വ്യാധികൾ കുറഞ്ഞത്
(D) മൃദു

87. സുശ്രുത മതമനുസരിച്ച് ഭഗന്ദരത്തിൽ പഥ്യം നോക്കേണ്ടത് :

(A) ഒരു വർഷം
(B) ആറ് മാസം
(C) മൂന്ന് മാസം
(D) ഒമ്പത് മാസം

88. അഷ്ടാംഗഹൃദയമനുസരിച്ച് മൂത്രാഘാതം എത്ര വിധം?

(A) 6
(B) 8
(C) 10
(D) 12

89. സുശ്രുത മതമനുസരിച്ച് കുശ (SPLINT) ഏതിൽ നിന്നാണ് ഉണ്ടാക്കുന്നത്?

(A) പാടല
(B) കാശ്മരി
(C) പലാശ
(D) വില്വ

90. സുശ്രുത മതമനുസരിച്ച് കവാട ശയനം ഏത് ഭഗ്നത്തിൽ പറയുന്നു?

(A) ജംഘാ
(B) ഊരു
(C) അക്ഷക
(D) ഇവയെല്ലാം

91. സുശ്രുത മതമനുസരിച്ച് ഗന്ധതൈലം ഏതെല്ലാം ക്രിയകൾക്ക് ഉപയോഗിക്കുന്നു?

(A) വസ്തി
(B) ഭോജനം
(C) നസ്യം
(D) ഇവയെല്ലാം

92. സുശ്രുത മതമനുസരിച്ച് കണ്ടക എന്ന രോഗ സ്ഥാനം :

(A) ജിഹ്വാഗതം (B) താലുഗതം
(C) ദന്ത മൂലഗതം (D) നാസാഗതം

93. സുശ്രുത മതമനുസരിച്ച് താഴെ പറയുന്നവയിൽ താലുഗത രോഗമല്ലാത്തത് ഏത്?

(A) തുണ്ഡി കേരി (B) ഗള ശുണ്ഡിക
(C) അധ്രുഷം (D) ഉപകുശം

94. സുശ്രുത മതമനുസരിച്ച് നാസാനാഹ രോഗത്തിന് എല്ലാ ചികിത്സകളിലും ഉപയോഗിക്കുന്ന തൈലം :

(A) ബലാ തൈലം (B) ഗന്ധ തൈലം
(C) ധന്വന്തരം തൈലം (D) അണു തൈലം

95. സുശ്രുത മതമനുസരിച്ച് ക്ഷവഥു രോഗവുമായി ബന്ധപ്പെട്ട മർമ്മം :

(A) കപില (B) പിംഗല
(C) ശൃംഗാടകം (D) മന്യ

96. അരോഗാവസ്ഥയിൽ ചെയ്യുന്ന ശിരോവസ്തിയുടെ മാത്ര :

(A) 2000 മാത്ര (B) 1000 മാത്ര
(C) 4000 മാത്ര (D) 10000 മാത്ര

97. സുശ്രുത മതമനുസരിച്ച് വായിൽ കവിൾ കൊള്ളുവാനുള്ള കഷായാദികൾ വായിൽ ഒഴിച്ചാൽ കുലുക്കുഴിയത്തക്ക രീതിയിൽ നിറക്കുന്നത് :

(A) ഗണ്ഡൂഷം (B) കവളം
(C) മുഖ പൂരണം (D) ഇവയിൽ ഒന്നുമല്ല

98. സുശ്രുത മതമനുസരിച്ച് മുഖാവയവങ്ങൾ എത്ര?

(A) 6 (B) 7
(C) 8 (D) 9

99. സുശ്രുത മതമനുസരിച്ച് പല്ലുകൾക്ക് ശീതവും ഉഷ്ണവും സ്പർശവും സഹിക്കുവാൻ കഴിയാതെ വരുന്ന അവസ്ഥ :

(A) ശീതാദ (B) ദന്ത പുപ്പുടക
(C) ദന്ത വേഷ്ടക (D) ദന്ത ഹർഷം

100. സുശ്രുത മതമനുസരിച്ച് സ്വരഘ്ന ഏത് ഭാഗത്ത് വരുന്ന രോഗമാണ്?

(A) കണ്ഠ (B) താലു
(C) ജിഹ്വ (D) സർവ സാര

**SPACE FOR ROUGH WORK**

SPACE FOR ROUGH WORK